'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹു.നെയ്യാറ്റിൻകര എം എ സി റ്റി, ഒ പി (എം വി) 397/2010 നമ്പർ വ്യവഹാരത്തിന്റെ വിധി തുക അനുവദിച്ച നൽകുന്നതിനായി ശ്രീ. ബിജു ജോസഫ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത എം എ സി എ 3848/18 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിനുള്ള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3498/2024/ധന** **തീയതി,തിരുവനന്തപുരം, 19/04/2024**

---

പരാമർശം :- 1. ബഹു. നെയ്യാറ്റിൻകര എം.എ.സി.റ്റി യുടെ ഒ.പി (എം. വി) 397/2010 നമ്പർ വ്യവഹാരത്തിന്മേലുള്ള 28/11/2016 ലെ കോടതി വിധി.

2. 27/11/2023 ലെ ബഹു. കേരള ഹൈക്കോടതിയുടെ എം എ സി എ 3848/18 നമ്പർ വ്യവഹാരത്തിന്മേലുള്ള വിധി

3. 25/03/2024 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി / സ്യൂട്ട്/എസ് 1/ എം എ സി എ 3848/18 നമ്പർ കത്ത്

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-AG 665 എന്ന നമ്പരിലുള്ള വാഹനം 11/11/2009 ൽ അപകടത്തിൽപ്പെടുകയും ശ്രീ. ബിജു ജോസഫ് എന്നയാൾക്ക് പരിക്ക് പറ്റുകയും ചെയ്തു. ടിയാൻ വകുപ്പിനെ മൂന്നാം എതിർ കക്ഷിയാക്കി ബഹു. നെയ്യാറ്റിൻകര എം.എ.സി.റ്റി മുമ്പാകെ ഒ.പി.(എം.വി) 397/2010 നമ്പരിൽ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. നെയ്യാറ്റിൻകര എം.എ.സി.റ്റി യുടെ പരാമർശം 1 ലെ വിധി പ്രകാരം 7,36,400/- രൂപ 9% നിരക്കിൽ പലിശ ഉൾപ്പെടെ പെറ്റീഷൻ തീയതിയായ 12/05/2010 മുതൽ നൽകുവാൻ ഉത്തരവായി ടി വിധിയിൻമേൽ വിജയകരമായ അപ്പീലിന് സാധ്യതയുണ്ട് എന്ന് വകുപ്പിലെ ലോ ഓഫീസറും അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും ജി പി യും നിയമോപദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 25,000/- രൂപ പ്രീ-റിക്വസിറ്റ് ആയി കെട്ടിവെച്ച് അപ്പിൽ ഫയൽ ചെയ്യുകയുണ്ടായി. പരാമർശം 1 പ്രകാരം അനുവദിച്ച തുക ലഭിക്കുന്നതിനായി ശ്രീ. ബിജു ജോസഫ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ എം എ സി എ 3848/18 നമ്പർ അപ്പീൽ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരാമർശം 2 ലെ വിധി പ്രകാരം ഹർജിക്കാരന് ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം എ സി റ്റി അനുവദിച്ച തുക നൽകുവാൻ ഉത്തരവായി പ്രസ്തുത ഉത്തരവ് പാലിക്കാൻ വകുപ്പ് ലോ ഓഫീസർ നിയമോപദേശം നൽകിയ സാഹചര്യത്തിൽ പരാമർശം 1 പ്രകാരം അനുവദിച്ച 7,36,400/- രൂപ 9% പലിശ നിരക്കിൽ പെറ്റീഷൻ തീയതിയായ 12/05/2010 മുതൽ പരാതിക്കാർക്ക് കെട്ടിവയ്ക്കുന്നതിന് അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യുടെ പരാമർശം 2 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എ.സി.റ്റി യുടെ ഒ.പി.(എം.വി) 397/2010 നമ്പർ വ്യവഹാരത്തിന്റെ പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിച്ച 7,36,400/- രൂപ (ഏഴ് ലക്ഷത്തി മുപ്പത്താറായിരത്തി നാനൂറ് രൂപ മാത്രം) 9% പലിശ

നിരക്കിൽ പെറ്റീഷൻ തീയതിയായ 12/05/2010 മുതലുള്ള തുകയിൽ നിന്നും പ്രീ റിക്വസ്റ്റ് ആയി കെട്ടി വെച്ച 25,000/- രൂപ കിഴിവ് ചെയ്തു ബാക്കി തുക കോടതിയിൽ കെട്ടി വയ്ക്കാൻ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ. 2756636)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ